**’അവളെ അറിയാം’ ലോക്ക് ഡൗൺ സ്പെഷ്യൽ ഓൺലൈൻ റിസർച്ച് പ്രോഗ്രാമുമായി കുടുംബശ്രീ മലപ്പുറം ജില്ലാമിഷൻ**

കോവിഡ്19 ലോക്ക് ഡൗൺ കാലത്ത് സാമൂഹിക അകല പാലനത്തിന്റെ എല്ലാ നിബന്ധനകളും പാലിച്ചു കൊണ്ട് തന്നെ, ’അവളെ അറിയാം’ എന്ന ഓൺലൈൻ റിസേർച്ച് പ്രോഗ്രാം ആവിഷ്കരിച്ചു നടപ്പിലാക്കുകയാണ് കുടുംബശ്രീ മലപ്പുറം ജില്ലാമിഷൻ. സാമൂഹിക സദാചാരങ്ങൾ വേട്ടയാടപ്പെടുന്നവരുടെ ജീവിതങ്ങൾ വിശകലനം ചെയ്തു, സ്ത്രീയുടെ വികസനത്തിന് വിലങ്ങുതടിയാവുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അവയെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തുകയും അവ പ്രസിദ്ധീകരിക്കുകയുമാണ് ഈ റിസർച്ച് പ്രോഗ്രാമിലൂടെ കുടുംബശ്രീ മലപ്പുറം ജില്ലാമിഷൻ ലക്ഷ്യമിടുന്നത്.

സ്ത്രീ പുരുഷ സമത്വ ചിന്താഗതി വളർന്നു കൊണ്ടിരിക്കുമ്പോഴും അതിന്റെ യഥാർത്ഥ ഫലം അനുഭവിക്കാനാവാതെ പ്രയാസപ്പെടുന്നവരാണ് പലപ്പോഴും സ്ത്രീകൾ. സമൂഹത്തിന്റെ എഴുതപ്പെടാത്ത ചില നിയമ നിബന്ധനകളിൽ കുരുങ്ങി സ്ത്രീക്ക് അവളർഹിച്ച നിലയിൽ എത്താനാകാതെ പോകുന്നു. തന്റെ സ്വപ്നങ്ങളിലേക്കുള്ള സ്ത്രീയുടെ പ്രായാണങ്ങൾക്ക് പലവിധ തടസ്സങ്ങൾ നേരിടുന്നു. ’അവൾ’ക്കു മാത്രമായി സമൂഹം നിശ്ചയിച്ച ചില സ്ഥാനങ്ങൾക്കപ്പുറം എത്തിനോക്കാൻ പോലും അവൾക്കനുവാദമില്ല. ജനനം മുതൽ പല രീതിയിലും നിയന്ത്രണങ്ങൾ നൽകി മറ്റുള്ളവർ രൂപം കൊടുക്കുന്ന ജീവിതത്തിൽ സ്ത്രീ സന്തുഷ്ടയാണോ? സ്ത്രീ▯ പ്രതികരിക്കാൻ ആഗ്രഹമില്ലേ? എവിടെയൊക്കെയാണ് അവളുടെ സ്വപ്നങ്ങൾക്ക് തടസ്സം നേരിടുന്നത്? എന്തൊക്കെയാണ് അതിന്റെ കാരണങ്ങൾ? ഇത്തരം വിഷയങ്ങളാണ് ഓൺലൈൻ റിസർച്ച് പ്രോഗ്രാമിലൂടെ ചർച്ച ചെയ്യുന്നത്.

സ്ത്രീ പദവി സ്വയം പഠന പ്രക്രിയയുടെ നാലാം ഘട്ട പഠനമായ 'ലിംഗ പദവി സമത്വവും നീതിയും എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ചർച്ചകളിൽ, സ്ത്രീകളുടെ ഇത്തരം വിവിധ പ്രശ്നങ്ങൾ ധാരാളമായി ചർച്ച ചെയ്യപ്പെട്ടിരുന്നു. സമത്വചിന്ത ഉൾക്കൊണ്ടു കൊണ്ട് പ്രത്യേക രീതിയിൽ തയ്യാറാക്കിയ പഠന പദ്ധതി, സ്ത്രീകളുടെ തുറന്ന് പറച്ചിലുകൾ കൊണ്ട് നിറഞ്ഞതായിരുന്നു. കാലങ്ങളായി ഉള്ളിലടക്കിയ നൊമ്പരങ്ങൾ തുറന്ന് പറയാൻ സന്നദ്ധരായി എന്നതിനു പുറമെ, പഠനപ്രക്രിയയിൽ നിന്നും ഊർജ്ജമുൾക്കൊണ്ടു തങ്ങൾക്കു നിഷേധിക്കപ്പെട്ട പലതും തിരിച്ചെടുക്കാൻ ധാരാളം സ്ത്രീകൾ മുന്നോട്ട് വരികയും ചെയ്തു. പ്രായഭേദമന്യേ തങ്ങളുടെ സ്വപ്നങ്ങൾ പുൽകാൻ അവർ തയ്യാറായി. പഠനത്തിലും മറ്റു പ്രവർത്തനങ്ങളിലും പുരുഷനോടോപ്പം തന്നെ മുന്നേറുന്നുണ്ടെങ്കിലും ജീവിതത്തിന്റെ മുന്നോട്ടുള്ള വഴികളിൽ എവിടെ വെച്ചാണ് അവൾ പിന്തള്ളപ്പെടുന്നത്? എന്തെല്ലാമാണ് അതിന്റെ കാരണങ്ങൾ? അവൾക്കിഷ്ടപ്പെട്ട മേഖലകളിൽ എത്താൻ എന്തൊക്കെയാണ് തടസ്സങ്ങൾ? വിവാഹവും കുടുംബ ജീവിതവും അവളെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ? പലപ്പോഴും തുറന്ന് പറയാൻ സാധിക്കാതെ മാനസിക സംഘർഷങ്ങൾ അനുഭവിക്കേണ്ടി വരുന്നതെന്തു കൊണ്ടാണ്? എന്നിങ്ങനെ ഒരുപാട് ചോദ്യങ്ങൾ സ്വയം ചോദിക്കാനും ചിന്തിക്കാനും അയൽക്കൂട്ട അംഗങ്ങൾക്ക് ഈ പദവി പഠന ശിൽപശാലകൾ ഉപകരിച്ചു. ചില ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം കിട്ടി. പക്ഷെ ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ ആയിരുന്നു ഏറെയും. അവയിൽ ചിലതിന്റെയെങ്കിലും ഉത്തരം കണ്ടെത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ലോക്ക് ഡൗൺ നിയമങ്ങൾ പാലിച്ചു കൊണ്ട് തന്നെ കുടുംബശ്രീ സംഘടനാ സംവിധാന ശൃംഖല വഴി പ്രാദേശികതലങ്ങളിലേക്ക് പഠനം വ്യാപിപ്പിക്കുക,

വിശകലനം ചെയ്യുക എന്നതാണ് ഈ റിസർച്ച് പ്രോഗ്രാമിന്റെ രീതി. സാമൂഹിക സദാചാരങ്ങൾ വേട്ടയാടപ്പെടുന്നവരുടെ ജീവിതങ്ങൾ വിശകലനം ചെയ്തു സ്ത്രീയുടെ വികസനത്തിന് വിലങ്ങുതടിയാവുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അവയെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തുകയും പഠനഫലം ക്രോഡീകരിക്കുകയും ചെയ്യുന്നു. പഠനത്തിൽ ഉരുത്തിരിഞ്ഞു വരുന്ന പ്രശ്നങ്ങളെക്കുറിച്ച് വിശദമായി പഠിച്ച് ദൂരീകരണത്തിനായി ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്തുകയും  സഹകരണം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പിന്നീട് കണ്ടെത്തലുകൾ ക്രോഡീകരിക്കുകയും പ്രബന്ധം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. സ്ത്രീ ഇന്നനുഭവിക്കുന്ന ഒട്ടേറെ പ്രശ്നങ്ങളുടെ ഉത്തരം കണ്ടെത്താനും  പഠനങ്ങളിലൂടെ അവ□് പരിഹാര നിർദേശങ്ങൾ നൽകാനും പ്രത്യേക പരിപാടികൾ നടപ്പിലാക്കുവാനും ആണ് ’അവളെ അറിയാം’ എന്ന റിസർച്ച് പ്രോഗ്രാം ലക്ഷ്യമിടുന്നത്.